# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 - 26**

പള്ളിക്കര സെൻട്രൽ എൽ. പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ-2025-26

പള്ളിക്കര സെൻട്രൽ എൽ.പി.സ്കൂൾ

ക്ലാസ് : 2

ക്ലാസ് ടീച്ചറുടെ പേര് : പ്രദീപ് കുമാർ . വി . കെ .

വിദ്യാലയത്തിന്റെ പേര് : പള്ളിക്കര സെൻട്രൽ എൽ . പി . സ്കൂൾ

ഉപജില്ല : മേലടി

ജില്ല : കോഴിക്കോട് .

**ഉള്ളടക്കം**

1. ആമുഖം
2. പ്രവർത്തനകലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തിയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. ഭാഷോത്സവം
12.
13.
14.

ആമുഖം

[illegible] ഗവൺമെന്റ് എൽ. പി ........ സ്കൂളിൽ 2025-26 സാധ്യായ വർഷം ............................ കുട്ടികൾ രണ്ടാം ക്ലാസ് ...എ... ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:**

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.ോ
- ................................................................................
- ................................................................................
- ................................................................................
- ................................................................................
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

## പ്രവർത്തനക്കലണ്ടർ (കരട്)

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പ്രവർത്തനക്കലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5. | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| 8. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രു വരി വരെ മാസംതോറും |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | | |
| 12. | | |
| 13. | | |
| 14. | | |

# മലയാള മധുരം

അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

**വിലയിരുത്തൽ**

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

**ചുമതല**

ക്ലാസ് ടീച്ചർ, PTA, HM

**സാമ്പത്തികം**

PTA, SSK

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

### ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

### പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*

# സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

**ലക്ഷ്യ പ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും )
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

**സാമ്പത്തികം**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ.*

**സാമ്പത്തികം**

*എസ്.എസ്.കെ, പി.ടി.എ*

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് . പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

**ലക്ഷ്യ പ്രസ്താവനകൾ:**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ :**

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.
- പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

**വിലയിരുത്തൽ**

- ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
-

ചുമതല : *ക്ലാസ് ടീച്ചർ , PTA , HM*

സാമ്പത്തികം : *SSK*

## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം രചനോത്സവം കൊണ്ട് ഉറപ്പുവരുത്തിക്കൊണ്ട് പാഠലക്ഷ്യത്തിലെത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.

**ലക്ഷ്യ പ്രസ്താവന**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

**വിലയിരുത്തൽ**

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.,എസ്. എസ്. കെ

## ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

# അക്കാദമിക മാസ്റ്റർ പ്ലാൻ.

ക്ലാസ് : II
വിഷയം : ഗണിതം.
ലക്ഷ്യം : ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാക്കൽ. അടിസ്ഥാന ഗണിതശേഷികൾ ഉറപ്പിക്കൽ
മുന്നൊരുക്കം : ഗണിതശേഷികളിൽ കുട്ടി ഒരോരുത്തർക്കും പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

| * ഗണിത പഠനോപകരണ നിർമ്മാണശാല | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സഹകരണം |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം | ജൂൺ നവംബർ | SRG ക്ലാസ് ടീച്ചർ | PTA. |
| * ഗണിത ലാബ് | | | | |
| ഗണിതപഠനം സുഗമമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൂലായ്. | HM SRG. ക്ലാസ് ടീച്ചർ | PTA. |
| * കളിയിലൂടെ ഗണിതം. | | | | |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ഉറപ്പിക്കൽ) | വിവിധതരം കളികൾ അനുഭവം ചെയ്യൽ-ടെ ചാർട്ട് - ക്രിയാത്മകം (കണക്കിലെ പാട്ടും, കഥകളും) ഒരുക്കൽ. | ഓഗസ്റ്റ് മാസം | SRG. ക്ലാസ് ടീച്ചർ | |
| * ഗണിതമൂല | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതമൂല ഒരുക്കൽ അത് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA. |

ഗണിതമേള.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രയോഗം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനോപകരണങ്ങളുടെ പ്രദർശനം. | ഫെബ്രുവരി | SRG.<br>ക്ലാസ്ടീച്ചർ | PTA. |

ഒരു ദിനം ഒരു ചോദ്യം.

| | | | | |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം<br>(ക്വിസുകളും.<br>ഗണിതപസിലുകളും.<br>പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | |

# English - class II

Aim : To speak, Read & ~~(struck)~~ write English with out any mistakes.

Time : June, July, August

June

Pretest

- To develop listening skills & reading skill first

Listening skills.

Games, Action songs, Hello English activities, 2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentence, picture reading, picture description self introduction Assembly activities speech, book review, quiz riddles, self introduction. school radio etc

July & August

Reading skills

News paper reading, library books reading, book review reading breaking news, Findwords,

collect and read past tense, rhyming words, describing words...etc. Textbook activities.

writing skills

Make word web, picture description, word chain sentence chain, make wordse sentences make riddles, conversations, Add more lines, develop story, description, notice proclamation, diary letter Announcement magazines

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്

## ഗണിതം

## 2025 - 2026

ഷിക്കര സെൻട്രൽ LP

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ഗണിതത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളപ്പെടാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിതപ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം
* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം
* ഒറ്റ സംഖ്യയുടെ വ്യാഖ്യാനം
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

* ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ
* ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ

ജൂലൈ

ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

* സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ

ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ്, ഒറ്റ സംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

നവംബർ

* സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒരു സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നുമുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

* ഗണിത ആൽബം പിടിപ്പെയിൽ പ്രദർശിപ്പിക്കുന്നു
* വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളി[ൽ] ഏർപ്പെടുന്നു.

മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ Comp[lete] ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ ചെറുതി, തുല്യം എന്നിവ തിരിച്ചറിയുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

2025 - 2026

പള്ളിക്കര സെൻട്രൽ LP

class leacher : അഞ്ജു[illegible] ഒ.ടി

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സർഗ്ഗാത്മക ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി- കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം, എന്നത് മുൻകൂട്ടി ഓരോ- മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഉറപ്പിച്ചെയ്യുന്നു. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുത്തികൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ. അവ നവമാധ്യമങ്ങളിൽ പങ്കിടൽ

* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

* തിയേറ്റർ സാധ്യതകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ അടുപ്പിക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോ

ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

* പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗ്ഗശേഷികൾ കൈവരിക്കുന്നു.

* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* കുഞ്ഞു ചിത്രപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

* സ്വന്തമായി എഴുതാനും, വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര അനുഭൂതനം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല

ജൂലൈ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്താൽ സംയുക്തഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊട്ടറിയാൻ 'നിറം എടുക്കുന്നോ ക്കാനും അവസരം ഒരുക്കുന്നു
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു

* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായ വായനാ അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്തഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായനകാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

* സംയുക്തഡയറി രേഖപ്പെടുത്താൻ അവസരം ഒരുക്കുന്നു

* സ്വന്തം രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി - രേഖപ്പെടുത്തുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

* കുട്ടികളെ സ്വന്തം ചരിത്രാന്വേഷണം വായനക്കാരു - മായി മാറുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.

* ആസ്വാദ്യതരമായ വായന നടത്തുന്നു

* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.

* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു.

* കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വന്തം രചയിതാക്കൾ ആകുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കാൻ
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ ചിത്രവായന നടത്തുന്നു.
* ചെറിയ വായനകാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ പറയുന്നു. ചിത്രം വരയ്ക്കുന്നു.

* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ്പത്രം രൂപപ്പെടുത്തുന്നു.

<u>ഡിസംബർ</u>

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കും.
* രചനശേഷി പരിപോഷിപ്പിക്കാൻ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയവ്യക്തതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

സചിത്ര ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനവരി

* കുട്ടികളെ സാഹിത്യത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്ന നാട്യകല, ചിത്രരചന, ശില്പശാലകൾ നടക്കുന്നു.
* തിയറ്റർ സാധ്യതകൾ, വായന കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു
* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർ
ത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിനിൽ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വന്തമായി വായിക്കുന്നതിനു
എഴുതുന്നതിനു അവസരം ഒരുക്കുന്നു.
* ആശയ പൂർണതയോടെ തൽസമയ രചനകൾ
നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതി
നിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി പുസ്തകങ്ങൾ
രൂപപ്പെടുത്തുന്നു.
* ആശയ പൂർണതയോടെ തൽസമയ രചനകൾ
നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ
പ്രകടിപ്പിക്കുന്നു.

മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തക
രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

* വിട്ടുവായന , കൂട്ടവായന , നാട്യവായന , അന്ധവായന ചങ്ങലവായന , സ്വന്തവായന ഇവയ്ക്ക് പ്രാധാന്യം നൽകുന്നു.

* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ

=> <u>വിലയിരുത്തൽ</u> <u>പ്രവർത്തനങ്ങൾ</u>

# Academic master plan

STD 1

English

2025 - 2026

[illegible]ഷിക്കര സെൻ്റ് LP

The goal for the first grader is to handle English fluently. The first grader must go from small words to big words. they must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language english close to our heart.

The academic master plan is designed to ensure that not a single child goes illiterate.

<u>objectives and learning outcomes</u>

* Respond to simple instructions in the classroom.
* Describe orally about the pictures and objects.
* familiaris with simple words.
* Enjoy songs and sings the with Rhythm and actions.
* familiarise the names of birds, animals their yong ones and identifies them from pictures.

<u>June</u>

* indroduce symble words
* provides picture cards

July

* identify familiar words
* say familiar words
* Read familiar words
* write familiar words

August

* Enjoy songs and sings them with Rhythm and action
* Describes orally about pictures and objects using adjectives.

September

* Read and write simple words and simple sentences
* provides picture cards and reading cards

october

* indroduce simple picture descriptions.
* make word chain, sentence chain
* Make riddles
* Describing words, rhyming words
* Text book activities

## November

* prepare reading cards
* provide more opportunities to read wrig and speak English.
* writes five words daily.

## December

* Read and understand simple instructions in the class room.
* Encourage digital reading.

## January

* Enjoy songs and sings them with Rhyth and action.
* Make picture albums.
* collect pictures of animals and it's yong ones

## February

* provide the opportunity to express Myself in the class room.
* English assembly once in a week

## March

* speaks English fluently
* Read and write simple sentences
* picture reading and picture description.

അക്കാദമിക മാസ്റ്റർ പ്ലാൻ STD 3

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-26

## STD 3

അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന | പ്രിടെസ്റ്റ് | ജൂൺ | അധ്യാപിക | പി.ടി.എ |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | ക്ലാസ് ലൈബ്രറി വികസനം | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപിക | അധ്യാപിക |
| | വായനക്കാർഡ് തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപിക | സി.പി.ടി.എ |
| ലേഖനം വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ<br>ജൂൺ | അധ്യാപിക | സി.പി.ടി.എ |
| ആശയം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധതരം വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി നേടൽ | ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം പോസ്റ്റർ<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി ദിനം | ആഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ | ആഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ | അധ്യാപകൻ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | — |

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പേപ്പിടെന്റ് ഈർക്കിലുകൾ, തൊപ്പികൾ വള എന്നിവ ഉപയോഗിച്ച് ചതുരം വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ - ജൂലൈ | അധ്യാപിക<br>അധ്യാപകർ, സി.പി.ടി.എ | പി.ടി.എ<br>— |
| സംഖ്യാ പാറ്റേണുകൾ 999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ നാണയങ്ങൾ, കളിനോട്ടുകൾ പാറ്റേണുകൾ (ഗണിതമൂല) | ആഗസ്റ്റ് | അധ്യാപിക കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പാക്കൽ. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപിക കുട്ടികൾ | — |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ [illegible] നേടൽ | മന:ഗണിതങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെട്ട [illegible] മഞ്ചാടിക്കുരു | ഒക്ടോബർ - നവംബർ ജനുവരി | അധ്യാപിക കുട്ടികൾ | — |

| | | | | |
|---|---|---|---|---|
| സന്തുലന വ്യവഹാര ക്രിയകൾക്ക് കുട്ടികളെ ... നേടൽ | മന:ശാസ്ത്രങ്ങൾ നിത്യജീവിതവുമായി ബന്ധ... പ്രവർത്തനങ്ങൾ ... മണ്ഡലങ്ങൾ | ഒക്ടോബർ - നവംബർ ഡിസംബർ | അധ്യാപിക കുട്ടികൾ | – |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി മാർച്ച് | അധ്യാപകൻ കുട്ടികൾ | – |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കൽ, ജൈവവൈവിധ്യ ഉദ്യാനസംരക്ഷണം | ~~[illegible]~~ പ്രകൃതി നടത്തം - വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം, വയൽ | ജൂൺ ജൂലൈ | അധ്യാപിക | ഇല്ല |
| പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കൽ. മഴക്കുഴി നിർമ്മാണം. വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റം. ബർ | അധ്യാപിക, പി.ടി.എ, ഹരിതകർമ്മസേന | പി.ടി.എ |
| വ്യക്തി ശുചിത്വം | കൈ കഴുകൽ - പരിശീലനം, പോസ്റ്റർ നിർമ്മാണം, ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | അധ്യാപിക കുട്ടികൾ | പി.ടി.എ |

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
| --- | --- | --- | --- | --- |
| To study alphabets | Pre Test<br>Write simple words | June - July | Teacher, students | PTA |
| To study, write and read simple words | Circle the word from TB and read | August - September | Teacher Student | Nil |
| Create more opportunity for English speaking in the class room | Class room communication should be in English, like<br>May I drink some water?<br>May I go to bath room?<br>Hello<br>Hellow, every one<br>Good morning<br>Good morning every one<br>Good morning class<br>Good Afternoon every one<br>How are you?<br>How are you all?<br>How are you today?<br>Let me take attendence etc. | Academic year | Teacher Students parents | Nil |

| Aims | Activities | Duration | Charge | Economic Source |
| --- | --- | --- | --- | --- |
| Creat more oppertunities for Studentensts reading activities | Book reading<br>find words<br>Collect and read past Frase<br>Rhythemic words<br>T.B actives, Library book reading | Academic year | Teacher<br>Student | Nil |
| Creat more opertunities for Students writing activities | Description, thoughts<br>Story writing<br>Conversation<br>Diary | Academic year | Teacher<br>Student | |
| | | | | |

# ACADEMIC MASTER PLAN

2025 - 26

STD - IV

# മലയാളം

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സാധ്യമാക്കൽ. ആവശ്യമായ സാമഗ്രികൾ നൽകൽ. | ലക്ഷ്യം കാണുന്നതു വരെ | SRG ടീച്ചർ | PTA ഫണ്ട് |

## വായിക്കാം വളരാം

| | | | | |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകപരിചയം വായനക്കുറിപ്പ്. ആസ്വാദനക്കുറിപ്പ് പുസ്തക വായന അനുകാലിക വായന | വർഷം മുഴുവൻ | HM SRG Class Teacher CPTA | PTA |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പാഠ പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിദിനം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ സാഹിത്യ-കാരന്മാരെ അടുത്തറി-യൽ | സാഹിത്യകാരന്മാ-രുമായി എഴുത്തിലൂടെ സംവദിക്കൽ | അധ്യായ സമാപനം | ~~SRG~~<br>Class Teacher | ~~PTA~~ |
| അറിയാം കേട്ടറിയാം. | | | | |
| അറിവ് ശേഖരണ-ത്തിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു-മായി ബന്ധപ്പെട്ട വിവിധ വീഡിയോ-കൾ കേൾപ്പിക്കൽ, പ്രദർശിപ്പിക്കൽ | അധ്യായ ആരംഭം | Class Teacher | PTA |

രുചിച്ചറിയാം.

| | | | | |
|---|---|---|---|---|
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പ് - ഡയറി പതിപ്പ് നിർമ്മാണം | വർഷത്തിലൊന്ന് | SRG Class Teacher PTA | |

ഓർക്കാം ആദരിക്കാം (സാഹിത്യകാരന്മാർ)

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ - ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് മത്സരങ്ങൾ ജീവിതരേഖ ആൽബങ്ങൾ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG Class Teacher CPTA | |

കലക്കൂട്ട്

| | | | | |
|---|---|---|---|---|
| പാരമ്പര്യ തനിമയാർന്ന കലകൾ - തൊട്ടറിയൽ | പ്രാദേശികമായി കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കൊണ്ടുവരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA Class Teacher | PTA |

സർഗോത്സവം

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായിട്ടുള്ള സർഗാത്മക രചനകളുടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM SRG CPTA class Teacher | PTA. |

# പരിസരപഠനം

## പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സംവിധാനം |
|---|---|---|---|---|
| നിരീക്ഷണ അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്രജ്ഞാനം ലഭിക്കുവാൻ സൗകര്യം ഒരുക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>class Teacher | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണാത്മകത വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മ്യൂസിയം മെഡിക്കൽ കോളേജ്, ലബോറട്ടറികൾ എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class Teacher | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം-ഇന്ത്യ ഭൂപടവായന-ഭൂമിയെ പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിൽ ഒരിക്കൽ | SRG<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | അധ്യയന വർഷം | SRG class Teacher | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പണിപ്പ്, ചാർട്ട് -ങ്ങൾ, പഠനോപകരണ പതിക്കണം, ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG class Teacher | PTA |
| **ശാസ്ത്ര മാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ ധാരണ | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG class Teacher | PTA. |
| | | | | |

# ENGLISH

| Aims | Activities | Duration | Function | Finance |
|---|---|---|---|---|
| Assembly<br>English Improvement programme improvement to writing and reading in English language | Conducted by Eng Assembly | one year | class Teacher. | |
| English Diary<br>write to English do not mistake | write the activities in house and school - Diary Daily | ones or Twice in a week, yearly | class Teacher | |
| English Theatre<br>Improve the ability of creativity | change orally discourse of T.B Lessons and presenting classrooms skit, Drama, conversation, story telling | ones in a month | class Teacher | SMC |
| Englis Magazine | Prepare the magazine with written activities of Peoples | Twice in a month | H.M<br>class Teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| improving written ability and handwritting | write letters to their friends in school activities coppy writing | ones in a month | class Teacher | PTA |
| English corner<br>Let's Read | Reading Corner time setting. Book Review, Reading stories | one's in a Two week | class Teacher | parents |
| English Fest<br>speack and write of English language in best level. | Reading Compitition Presenting the creative activities | Twise in a year | H M class teacher CPTA SMC | PTA Parents |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്: IV

വിഷയം: ഗണിതം.

ലക്ഷ്യം: ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാക്കിത്തീർക്കൽ.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിത പഠനോപകരണ ശില്പശാല. | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം. | ജൂൺ, ജൂലായ് | ക്ലാസ്ടീച്ചർ | പി.ടി.എ. |
| * കളിക്കാം ഗണിതം. | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ-ക്ലാസ്സിൽ (ഉദാ: ഗണിതപ്പാമ്പും, ബസ് കളി ...) സങ്കലനം, വ്യവകലനം (കാർഡുകൾ) | ജൂൺ - മാർച്ച്. | SRG ക്ലാസ്ടീച്ചർ | |
| * ഗണിതലാബ്. | | | | |
| ഗണിതപഠനം പ്രവർത്തനാധിഷ്ഠിതമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA. |
| * ഒറിഗാമിയിലൂടെ പഠിക്കാം. | | | | |
| ഗണിത ശാസ്ത്രപഠനം രസകരമാക്കൽ-കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | അദ്ധ്യയന വർഷം. | ക്ലാസ്ടീച്ചർ | PTA. |

* ഗണിത കിറ്റുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ആശയങ്ങളുടെ പ്രായോഗികരൂപം കിട്ടൽ. | ഗണിതകിറ്റുകൾ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | PTA. |
| * ഗണിത മേള. | | | | |
| ഗണിത ശേഷികളുടെ പ്രകടന പ്രദർശനം. | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി | SRG, ക്ലാസ്ടീച്ചർ | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## അറബിക്

STD I – IV

പള്ളിക്കര സെൻട്രൽ L. P.

## ആമുഖം:

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതും ആയ ഭാഷയാണ് അറബി. നമ്മുടെ മതാചാരത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വിദേശഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബി ഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

കേരള സംസ്ഥാന ഗവൺമെന്റ് നിർവ്വചിച്ചിട്ടുള്ള അറബിക് പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ, LP സ്കൂൾ തലത്തിലേക്കുള്ള അറബിക് അധ്യാപനത്തിന് ഉതകുന്നതും ഗുണമേന്മയുമായ ഒരു അധ്യാപന രേഖയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. [illegible] പഠന ലക്ഷ്യങ്ങൾ, പാഠഭാഗങ്ങൾ ഉപകരണങ്ങൾ ഉൾപ്പെടുത്തി അധ്യാപകരെ സഹായിക്കുന്നതാണ് ഈ പദ്ധതി.

അറബി ഭാഷയുടെ അടിസ്ഥാന അറിവു
ഉം ശബ്ദവും അക്ഷരങ്ങളുമായുള്ള
പരിചയവും വ്യക്തിയുള്ള വാക്കുകളും വാ
യനയും വളർത്തുന്നതിനൊപ്പം, ഞാൻ
ചാര്യമുള്ള ആ ഭാഷാ അന്തരീക്ഷം സൃ
ഇൽ സൃഷ്ടിക്കാൻ ഈ മാസ്റ്റർ പ്ലാൻ
ലക്ഷ്യമിടുന്നു.

ഉദ്ദേശ്യങ്ങൾ:

അറബിക് ഭാഷയുടെ പ്രാഥമിക ധാരണ
വിദ്യാർത്ഥികളിൽ വളർത്തുക.

- ശുദ്ധമായ ഉച്ചാരണവും വായനയും
അഭ്യസിക്കാൻ അവസരം ഒരുക്കുക.
- ആട്ടായ്മകൾ, ഇവ് പ്രവർത്തനങ്ങൾ
എന്നിവയിലൂടെ ഭാഷാപ്രേമിനയെ ഉത്സാ
ഹിപ്പിക്കുക.
- ക്ലാസ് മുറിയിൽ ഭാഷാസൗഹൃദമായ
അധ്യായനത്തിന് ഉള്ള അനുകൂലമാ
അന്തരീക്ഷം സൃഷ്ടിക്കുക.

| | | |
|---|---|---|
| ജനുവരി | പുതിയ പദങ്ങൾ തുടരും. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | നിത്യജീവിതത്തിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപചാര വാക്കുകൾ ഉപയോഗിക്കുന്നു. ഉദാ:- [illegible] [illegible] [illegible] |
| ഫെബ്രുവരി മാർച്ച് | കവിത കേട്ട് ആസ്വദിക്കുന്നു. കവിതകൾ നോട്ടുബുക്കിൽ എഴുതിയത് നോക്കി ആലപിക്കുന്നു. | ചിത്രങ്ങളിൽ കഥാപാത്രങ്ങൾ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. |
| 〃 | ദിനാചരണങ്ങൾ പരിചയപ്പെടുത്തൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അസംബ്ലിയിലൂടെ പ്ലക്കാർഡുകൾ നിർമിച്ചുകൊണ്ട് വിവരങ്ങൾ നൽകുന്നു. |

| മാസം | പ്രധാന പാഠങ്ങൾ/ പ്രവർത്തനങ്ങൾ | കുറിപ്പുകൾ |
|---|---|---|
| ജൂൺ | സ്കൂൾ ആരംഭം, പരിചയം, അക്ഷര പരിചയം. | ക്ലാസ് തല നിരീക്ഷണം, voluntary പ്രവർത്തനം. |
| ജൂലൈ | Std 1-2 സ്വരങ്ങൾ പഠനം, Std 3-4 വാക്കുകളും വാചകങ്ങളും. | അറബിയ് ഇഷ്ട-ത്താരാമം. |
| ആഗസ്റ്റ് | പാഠങ്ങൾ 1-2 അക്ഷരങ്ങൾ, വാക്കുകൾ ലഘുവാക്യങ്ങൾ | സ്വാതന്ത്ര്യദിനാഘോഷങ്ങ-ളോടനു അറബിക് ഗാനങ്ങൾ, ആൽബം പോസ്റ്റർ നിർമാണം |
| സെപ്റ്റംബർ | 1- 2 അക്ഷരങ്ങൾ ചേർക്കൽ. വായനാ പരിശീലനം. (3-4) എഴുത്ത് പരിശീലനം, വായന പരിപോഷിക്കൽ. | അക്ഷരങ്ങൾകൊണ്ട് ചിത്രങ്ങൾ നിർമ്മിക്കൽ. |
| ഒക്ടോ-ബർ നവം-ബർ - | Std-1-2 സ്വരങ്ങൾ വെച്ച് പദനിർമാണം. Std-3-4- പിക്ചർ-റീഡിംഗ്. | കുട്ടികൾ പഠിച്ച സ്വരങ്ങൾ ഉപയോഗിച്ച് പദങ്ങൾ നിർമ്മിക്കുന്നു 3-4- ക്ലാസിലെ കുട്ടികൾക്ക് ചിത്രം കാണിച്ച് അവർ അതിനെ പറ്റി അറബിയിൽ സംസാരിക്കുകയും എഴുതുകയും ചെയ്യുന്നു. |
| ഡിസംബർ ഡിസംബർ | പാഠങ്ങളുടെ ആവർത്തനം mid-term test | അറബിഭാഷാദിന പരിപാടികൾ, അറബിക് ക്വിസ് മത്സര പരിപാടികൾ. |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | ചിന്തനം |
| --- | --- | --- | --- | --- | --- |
| 1 | അറിവിന് മധുരം:<br>ലക്ഷ്യം: അറിവിന്റെ ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിപാടി. | വരികൾക്ക് വായന:<br>* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കാർഡുകളിലെ വെള്ളത്തിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു.<br>* പ്രത്യേകം തയ്യാറാക്കിയ മാധ്യമത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കുമയത്ത് "അറിവിന് മധുരം" ക്ലാസ്സുകൾ. | 2 മാസം | പുസ്തകങ്ങൾ<br>കാർഡുകൾ. | കവിതകൾ,<br>ലയത്ത്. |

| | | | | |
|---|---|---|---|---|
| 2 | വായനാ ലോകം.<br>ലക്ഷ്യം:<br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ<br>* നല്ല വായനക്കാരനാക്കുക. | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br>പുസ്തകങ്ങൾ:-<br>* ചിത്രകഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണങ്ങൾ (അറബിക്)<br>* അറബിക് ക്വിസ് | സ്കൂൾ ലൈബ്രറി-<br>ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | 6 മാസം. |
| 3. | പദപരിചയം<br>ലക്ഷ്യം: അറബി പദസമ്പത്ത് വർധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ:<br>ദിവസവും ഒരു പദം കുട്ടികൾ അവരുടെ നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു അധ്യാപകന്റെ സഹായത്തോടെ. മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തുന്നു. മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | നോട്ട്ബുക്ക്, പേന | ഒരു വർഷം. |

| | | | |
|---|---|---|---|
| 3. | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു. ചെറിയ വാർത്തകൾ അറബിയിൽ വായിക്കുന്നു. വ്യസ്തരെ പരിചയപ്പെടുത്തൽ. സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ. | |
| 4 | | | |